

ജി വി എച്ച് എസ് എസ്
അമ്പലത്തറ

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

# ജി വി എച്ച് എസ് എസ് അമ്പലത്തറ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**സ്കൂൾ കോഡ് : 12056**

**വിദ്യാഭ്യാസ ജില്ല :കാഞ്ഞങ്ങാട്**

**ഉപജില്ല :ഹോസ്ദുർഗ്**

**റവന്യൂ ജില്ല :കാസറഗോഡ്**

**ഉള്ളടക്കം**


**അടിസ്ഥാന വിവരങ്ങൾ..................................................................**

**അധ്യാപകർ..........................................................................................**

**അനധ്യാപകർ.......................................................................................**

**ആറാം അദ്ധ്യയന ദിന പ്രകാരമുള്ള വിദ്യാർഥികളുടെ എണ്ണം ..................**

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം ..............................

ആമുഖം ..........................................................................................

അക്കാദമികം-HS ...............................................................................

അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം- എച്ച് എസ് ...............................

അക്കാദമിക മാസ്റ്റർ പ്ലാൻ – ഇംഗ്ലീഷ്- എച്ച് എസ് ................................

അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി- എച്ച് എസ് ...................................

അക്കാദമിക മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ്- എച്ച് എസ് ...........

അക്കാദമിക മാസ്റ്റർ പ്ലാൻ – ഫിസിക്കൽ സയൻസ് - എച്ച് എസ് .........

അക്കാദമിക മാസ്റ്റർ പ്ലാൻ – മാത്സ്- എച്ച് എസ് ................................

അക്കാദമിക മാസ്റ്റർ പ്ലാൻ – എെ ടി- എച്ച് എസ് .................................

സ്കൂൾ ലൈബ്രറി ............................................................................

ഉച്ചഭക്ഷണം ..................................................................................

സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം .......................................................

ശ്രദ്ധ ...............................................................................................

JRC ...............................................................................................

കൗൺസിലിംഗ് ..................................................................................

അക്കാദമിക മാസ്റ്റർ പ്ലാൻ – യു. പി ...................................................

അക്കാദമിക മാസ്റ്റർ പ്ലാൻ – എൽ .പി ..............................................

# അക്കാദമിക മാർഗ്ഗ രേഖ 2025-26

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.വി.എച്ച്.എസ്.എസ് അമ്പലത്തറ |
| സ്കൂൾ കോഡ് | : 12056 |
| യൂഡയസ് കോഡ് | : 32010500418 |
| വിദ്യാലയം സ്ഥാപിതമായ വർഷം | : 1954 |
| മേൽവിലാസം | : പുല്ലൂർ പി ഒ, കാസറഗോഡ്, 671531 |
| പഠന മാധ്യമം | : മലയാളം ,ഇംഗ്ലീഷ് |
| ഉപജില്ല | : ഹോസ്ദുർഗ് |
| വിദ്യാഭ്യാസ ജില്ല | : കാഞ്ഞങ്ങാട് |
| റവന്യൂ ജില്ല | : കാസറഗോഡ് |
| ബി ആർ സി | : ഹോസ്ദുർഗ് |
| താലൂക്ക് | : കാഞ്ഞങ്ങാട് |
| വില്ലേജ് | : പുല്ലൂർ |
| ഗ്രാമ പഞ്ചായത്ത് | : പുല്ലൂർ -പെരിയ |
| ബ്ലോക്ക് പഞ്ചായത്ത് | : കാഞ്ഞങ്ങാട് |
| ജില്ലാ പഞ്ചായത്ത് | : കാസറഗോഡ് |
| പാർലമെന്റ് നിയോജക മണ്ഡലം | : ഉദുമ |
| നിയമ സഭാ മണ്ഡലം | : കാഞ്ഞങ്ങാട് |
| സ്കൂൾ ലെവൽ | : 1-12 |

കുട്ടികളുടെ എണ്ണം :1065

ഹെഡ്മാസ്റ്റർ : രാജേഷ് പി വി

ഫോൺ നമ്പർ : 9447652764

പി ടി എ പ്രസിഡണ്ട് : മജീദ്

എസ് എം സി ചെയർമാൻ : മനോജ് കുമാർ എം

**അധ്യാപകർ**

| തസ്തിക | എണ്ണം |
|---|---|
| എച്ച് എസ് ടി | 18 |
| യു പി എസ് ടി | 13 |
| എൽ പി എസ് ടി | 15 |
| പി ഇ ടി | 1 |

**അനധ്യാപകർ**

| തസ്തിക | എണ്ണം |
|---|---|
| ക്ലാർക്ക് | 1 |
| ഒ എ | 2 |
| എഫ് ടി എം | 1 |

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| | | |
|---|---|---|
| റവന്യൂ ജില്ലയുടെ പേര്: Kasaragod | | |
| 1 | വിദ്യാലയത്തിന്റെ പേര് | G V H S S Ambalathara |
| 2 | വിലാസം | AMBALATHARA |
| 3 | ഫോൺ നമ്പർ | 04672244050 |
| 4 | ഇ-മെയിൽ വിലാസം | 12056ambalathara@gmail.com |
| 5 | സ്കൂൾ കോഡ് | 12056 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 1 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര്* | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Hosdurg |
| 11 | വിദ്യാഭ്യാസ ജില്ല | Kanhangad |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1957 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Udma |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Kasaragod |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Kanhangad |
| 17 | താലൂക്ക് | Hosdurg |
| 18 | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Pullurperiya |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **5** | 33 | 26 | 59 | 22 | 29 | 51 | 0 | 0 | 0 | 0 | 0 | 0 | 55 | 55 | 110 |
| **6** | 43 | 27 | 70 | 26 | 25 | 51 | 0 | 0 | 0 | 0 | 0 | 0 | 69 | 52 | 121 |
| **7** | 27 | 21 | 48 | 30 | 38 | 68 | 0 | 0 | 0 | 0 | 0 | 0 | 57 | 59 | 116 |
| **8** | 45 | 58 | 103 | 20 | 18 | 38 | 0 | 0 | 0 | 0 | 0 | 0 | 65 | 76 | 141 |
| **9** | 52 | 57 | 109 | 17 | 17 | 34 | 0 | 0 | 0 | 0 | 0 | 0 | 69 | 74 | 143 |
| **10** | 47 | 32 | 79 | 23 | 18 | 41 | 0 | 0 | 0 | 0 | 0 | 0 | 70 | 50 | 120 |
| ആകെ | 302 | 267 | 569 | 241 | 255 | 496 | 0 | 0 | 0 | 0 | 0 | 0 | 543 | 522 | **1065** |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡീ. ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 1 | 30 | 31 | 61 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 44 | 51 | 95 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 43 | 39 | 82 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 40 | 34 | 74 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | 20 | 32 | 52 | 16 | 12 | 28 | 19 | 11 | 30 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 36 | 29 | 65 | 20 | 5 | 25 | 13 | 18 | 31 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 34 | 35 | 69 | 11 | 10 | 21 | 12 | 14 | 26 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | 36 | 52 | 88 | 14 | 14 | 28 | 15 | 10 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | 37 | 48 | 85 | 20 | 16 | 36 | 12 | 10 | 22 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 50 | 39 | 89 | 7 | 9 | 16 | 13 | 2 | 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 370 | 390 | 760 | 88 | 66 | 154 | 84 | 65 | 149 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ADDITIONAL വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| STANDARD | ARABI | | | URDU | | | KONKINI | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| 1 | 22 | 24 | 46 | 0 | 0 | 0 | 0 | 0 | 0 |
| 2 | 24 | 19 | 43 | 0 | 0 | 0 | 0 | 0 | 0 |
| 3 | 20 | 17 | 37 | 0 | 0 | 0 | 0 | 0 | 0 |
| 4 | 20 | 17 | 37 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | 86 | 77 | 163 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി : ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on July 12, 2025, 11:43 am

# ആമുഖം

കാഞ്ഞങ്ങാട് നഗരത്തിൽ നിന്നും 10 കിലോമീറ്റർ കിഴക്ക് അമ്പലത്തറയുടെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു ഗവൺമെന്റ് വിദ്യാലയമാണ് നമ്മുടെ സ്കൂൾ. അമ്പലത്തറയിലെ പൗരപ്രമുഖർ മുന്നിട്ട് ഇറങ്ങിയതിന്റെ ഫലമായി പഴയ തെക്കൻ കർണാടക ജില്ലാ ബോർഡിന് കീഴിൽ ബോർഡ് എഗ്രിമെന്ററി സ്കൂൾ 1954 ൽ അനുവദിക്കപ്പെട്ടു. ശ്രീ .എൻ മാധവൻ നായർ ആയിരുന്നു ആദ്യ അധ്യാപകൻ. നാട്ടുകാർ നിർമ്മിച്ച കൊടുത്ത കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കണമെന്ന് നിബന്ധന അക്കാലത്ത് ഉണ്ടായിരുന്നു. അങ്ങനെയാണ് സർവോത്തമ പൈ യുടെ കെട്ടിടത്തിൽ സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. അമ്പലത്തറ കുളത്തിനടുത്തായിരുന്നു പ്രസ്തുത കെട്ടിടം. 20 വിദ്യാർഥികളാണ് ആദ്യം ഉണ്ടായിരുന്നത് അന്നത്തെ അറിയപ്പെടുന്ന വ്യക്തിയായ ശ്രീ .കൃഷ്ണൻ നായരാണ് സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചത്. പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീ ബി. വസന്ത ഷേണായ് അധ്യക്ഷനായി.ആദ്യം പ്രവർത്തിച്ചിരുന്ന വിദ്യാലയത്തിൽ നിന്നും നേരെ എതിർവശത്തുള്ള ശ്രീ .ലക്ഷ്മണപൈ യുടെ കെട്ടിടത്തിലേക്ക് പിന്നീട് മാറുകയുണ്ടായി. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി അന്നത്തെ റവന്യൂ വകുപ്പ് മന്ത്രിയായിരുന്ന ശ്രീമതി. കെ ആർ ഗൗരിയമ്മ തറക്കല്ലിട്ടു.1959 ൽ പണിപൂർത്തീകരിച്ച് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. 1962 ൽ ഇത് യുപി സ്കൂൾ ഉയർത്തപ്പെട്ടു 1982 ഹൈസ്കൂൾആയും 2007 ഹയർ സെക്കൻഡറി സ്കൂൾആയും ഉയർത്തപ്പെട്ടു. എട്ടര

ഏക്കർ ഭൂമി വിദ്യാലയത്തിന് സ്വന്തമായി ഉണ്ട്. 13 ഓളം കെട്ടിടങ്ങളിലായി 52 ൽ അധികം ക്ലാസ് മുറികളാണ് സ്കൂളിലുള്ളത്. പഠനത്തിലും ഇവിടുത്തെ സൗകര്യവും നമ്മുടെ വിദ്യാലയത്തിലുണ്ട്.

കാസർകോട് ജില്ലയുടെ സാംസ്കാരിക ഭൂപടത്തിൽ അഭിമാനാർഹമായ സ്ഥാനമാണ് അമ്പലത്തറയ്ക്ക് ഉള്ളത്. അമ്പലത്തറ കൂട്ടായ്മയുടെ പ്രദേശമാണ്. നാട്ടുകാരുടെയും അധ്യാപകരുടെയും മാറിമാറി വരുന്ന പിടിഎ, എസ് എം സി, എം പി ടി എ, വിദ്യാലയ വികസന സമിതി എന്നിവരുടെയും നിസ്വാർത്ഥവും കർമ്മനിരതവുമായ പ്രവർത്തനത്തിലൂടെ പ്രബുദ്ധമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിൽ ഈ വിദ്യാലയത്തിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. ഇന്ന് പ്രീ പ്രൈമറി മുതൽ വിഎച്ച്എസ്ഇ വരെ 1500 ഓളം വിദ്യാർത്ഥികൾ പഠനം അഭ്യസിക്കുന്നു എന്നതും, ഇവർക്ക് കരുത്ത് പകർന്നുകൊണ്ട് സുദൃഢമായ പൂർവ വിദ്യാർത്ഥി കൂട്ടായ്മ എന്നും കൂടെ തന്നെയുണ്ട് എന്നതും ഏറെ അഭിമാനകരമാണ്. ഇന്ന് നമ്മുടെ വിദ്യാലയം പുരോഗതിയുടെ പാതയിലാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി എസ്എസ്എൽസി പരീക്ഷയുടെ 100% വിജയവും വിഎച്ച്എസ്ഇ വിഭാഗങ്ങളുടെ ഉജ്ജ്വലവിജയവും പാഠ്യപാഠ്യേതര വിഷയങ്ങളിൽ നമ്മുടെ കുട്ടികൾ കാണിക്കുന്ന അസൂയാവഹമായ മുന്നേറ്റങ്ങളും ഏറ്റെടുത്ത എല്ലാ ദൗത്യങ്ങളും വൻ വിജയമാക്കി മാറ്റിയ മാതൃകാപരമായ പ്രവർത്തനങ്ങളും ജില്ലയിലെ മറ്റേതൊരു വിദ്യാലയത്തോടും കിടപിടിക്കത്തക്ക രീതിയിലുള്ളതാക്കി മാറ്റിയിരിക്കുന്നു. ക്വിസ് മത്സരങ്ങളിലെ ഉന്നത വിജയം, കലോത്സവങ്ങളിലെ സംസ്ഥാന തലത്തി ലേക്കുള്ള പാർട്ടിസിപ്പേഷൻ, ശാസ്ത്രമേള ,കലാമേള, സ്പോർട്സ് തുടങ്ങി ഒട്ടേറെ മേഖലകളെ കൂടാതെ SSLC 13 ഫുൾ A plus, USS വിജയികൾ 16, LSS വിജയികൾ 11, NMMS 1, VHSE ഫുൾ 2 തുടങ്ങിയ വിജയങ്ങളും എടുത്തു പറയേണ്ടതാണ്. ഈ അധ്യയന വർഷം നമുക്ക് ലഭിച്ച വായനാവാരാചരണം എന്നീ ഭാഗങ്ങളിൽ സംസ്ഥാനതലങ്ങളിൽ കരസ്ഥമാക്കിയ മിന്നും പ്രകടനങ്ങൾ എന്നിവ വരും വർഷത്തെ പ്രവർത്തനങ്ങൾക്ക് നമുക്ക് കൂടുതൽ കരുത്ത് പകരുന്നവയാണ്.

## സ്കൂൾ ബസ് സർവീസ്

സ്കൂൾ ബസ് സർവീസ് വളരെ വിജയകരമായ പ്രവർത്തനം കാഴ്ചവച്ച വർഷമാണ് 2025-26. യാത്ര സൗകര്യത്തിനുവേണ്ടി മൂന്ന് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.പ്രീ പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള 479 കുട്ടികൾ ബസ് യാത്ര സൗകര്യം പ്രയോജനപ്പെടുത്തുന്നു. മൂന്ന് ബസ്സുകൾ രാവിലെയും വൈകുന്നേരവും ആയി ഏഴ് ട്രിപ്പുകൾ വീതം സർവീസ് നടത്തുന്നു. ഇപ്പോൾ മൂന്നു ബസ്സുകൾക്കും ആയി മൂന്ന് ഡ്രൈവർമാർ മൂന്ന് ആയമാർ എന്നിങ്ങനെ ആറു ജീവനക്കാരാണ് ഉള്ളത് ഇവരുടെ തികഞ്ഞ ആത്മാർത്ഥതയും അർപ്പണ മനോഭാവം നിറഞ്ഞ സേവനവും പ്രശംസനീയമാണ്. ഇതോടൊപ്പം വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ആത്മാർത്ഥതയും സഹകരണവും ഈ വിജയത്തിന് പിന്നിലുണ്ട്.

## ഉച്ച ഭക്ഷണം

സ്കൂളിലെ ഉച്ചഭക്ഷണ വിതരണം വളരെ മികച്ച രീതിയിൽ തന്നെ നടത്താൻ സാധിക്കുന്നുണ്ട്. മുട്ട ,പാല് ,സ്പെഷ്യൽ അരി എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ചില അവസരങ്ങളിൽ പ്രത്യേക വിഭവങ്ങൾ കൂടി ഉൾപ്പെടുത്തി വിഭവസമൃദ്ധമായ ഭക്ഷണം തന്നെ നൽകിയിട്ടുണ്ട്. ഉച്ച ഭക്ഷണ പദ്ധതിയിൽപ്പെട്ട ഒന്നു മുതൽ എട്ടുവരെയുള്ള കുട്ടികളെ കൂടാതെ പ്രീ പ്രൈമറിയിലെ നൂറിലധികം കുട്ടികൾക്ക് പാലും മുട്ടയും 9 10 വിഎച്ച്എസ്ഇ കുട്ടികൾ ആവശ്യമായ കുട്ടികൾക്ക് ഉച്ച ഭക്ഷണം വിതരണവും ചെയ്യുന്നു. അതായത് പ്രതിദിനം 1200 ഓളം കുട്ടികൾക്ക് ഉച്ച ഭക്ഷണം നൽകിവരുന്നു.

## സ്കൂൾ സോഷ്യൽ സർവീസ് സ്കീം

സേവന സന്നദ്ധതയുടെ ഉദാത്തമായിരുന്നു 30 കുട്ടികൾ അടങ്ങുന്ന എസ് എസ് എസ് എസ് യൂണിറ്റ്. സമൂഹവുമായി കുട്ടികളെ ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികൾ സ്കൂളിൽ ഇതിന്റെ കീഴിൽ നടത്തിയിട്ടുണ്ട്.വിദ്യാർത്ഥികളിൽ സാമൂഹിക അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2022 -23 വർഷങ്ങളിൽ

രൂപപ്പെടുത്തിയ ഒരു സാമൂഹിക സന്നദ്ധ സംഘടനയാണ് സ്കൂൾ സോഷ്യൽ സർവീസ് സ്കീം.

സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട് .ശുചിത്വം, വാഴ്‌വസ്തു പരിപാലനം ,മാലിന്യ സംസ്കരണം ,സംസ്കാരം ചരിത്രം, കല ,ലിംഗ നീതിയും സാമൂഹിക ബോധവും തുടങ്ങി ഒട്ടേറെ മേഖലകളിൽ ഇതിന്റെ പ്രവർത്തനം നടന്നുവരുന്നു.

## ജൂനിയർ റെഡ് ക്രോസ്

റെഡ് ക്രോസ് സൊസൈറ്റിയുടെ വിദ്യാർത്ഥി വിഭാഗമായ ജൂനിയർ റെഡ് ക്രോസ് സ്കൂളുകൾക്കുള്ളിൽ സംഘടിപ്പിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനമാണ്. എല്ലാത്തരം മാനുഷിക പ്രവർത്തനങ്ങൾ പ്രചോദിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അങ്ങനെ മനുഷ്യന്റെ കഷ്ടപ്പാടുകൾ കുറച്ച് സമാധാനത്തിനായി കൂടുതൽ സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ജൂനിയർ റെഡ് ക്രോസിൻറെ ലക്ഷ്യം. നമ്മുടെ സ്കൂളിൽ എബിസി ലെവലിൽ ആയി 47 കുട്ടികൾ ജെ ആർ സി അംഗങ്ങളാണ്.

## ശ്രദ്ധ

ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകളും അഭിരുചികളും വികസിപ്പിച്ചെടുത്ത് അവയെ മികവിലേക്ക് ഉയർത്താൻ സാധിച്ചാൽ മാത്രമേ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണമാകും. പഠന പ്രയാസം നേരിടുന്ന ഓരോ കുട്ടിക്കും അവർക്ക് ആവശ്യമായ പ്രത്യേക പഠനാനുഭവങ്ങൾ നൽകേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രദ്ധ മികവിലേക്കൊരു ചുവട്.

## സധൈര്യം

പെൺകുട്ടികൾക്ക് അക്രമങ്ങളെ ചെറുക്കാനും ആത്മവിശ്വാസവും പ്രതിരോധശേഷിയും നേടിയെടുക്കാനും ആയി സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന പരിപാടിയായ സധൈര്യം നമ്മുടെ സ്കൂളിൽ നടന്നു വരുന്ന

## ലിറ്റിൽ കൈറ്റ്സ്

കുട്ടികളെ ഐടി മേഖലയിൽ മികവുറ്റതാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിലും നടന്നുവരുന്നു

## ലൈബ്രറി

കുട്ടികളുടെ വായനശേഷിയും ചിന്താശേഷിയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി പലതരത്തിലുള്ള ബുക്കുകളുമായി ഒരു വലിയ ലൈബ്രറി തന്നെ നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്

# അക്കാദമിക മാസ്റ്റർ പ്ലാൻ- മലയാളം

| Sl.no | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 8,9 ക്ലാസുകളിലെ ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷാപരമായ നിലവാരം ഉയർത്തുന്നു. - രാവിലെയും വൈകുന്നേരവും ഉള്ള ക്ലാസുകൾ അവരുടെ അക്ഷരം വാക്കുകൾ ചിഹ്നങ്ങൾ ഇവ ഉറപ്പിക്കുന്നു.വാക്യങ്ങൾ,വാക്കുകൾ നിർമ്മിക്കാനും ഉതകുന്ന ചിത്രം,അടിക്കുറിപ്പ്, ചിത്രം, കഥയെഴുതൽ - | ജൂലൈ- ഓഗസ്റ്റ് | അധ്യാപകർ | 5000/- |

| | | | | | |
|---|---|---|---|---|---|
| 2 | ആറ് മാസം ഗ്രന്ഥശാല ശാക്തീകരണം- | ഗ്രന്ഥശാലയ്ക്ക് കൂടുതൽ ഭവന സന്ദർശനത്തിലൂടെ മൂലധനം കണ്ടെത്തൽ, വായന കാറ്റലോഗ്, ഇഷ്യൂ രജിസ്റ്റർ,ശാസ്ത്രീയമ ായ വിതരണം-പുസ്തക വണ്ടി,പുസ്തകങ്ങളു ടെ പ്രദർശനം, വിൽപ്പന- | സെപ്റ്റം ബർ,ഒ ക്ടോബർ - | വിദ്യാരംഗം, പി.ടി.എ | 25000/- |
| 3 | ദിനാചരണം - വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി സംഘ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • വിവിധ ശേഷികളുടെ വികസനം<br>• എസ്.ആർ.ജിയി ൽ ചർച്ച ചെയ്ത ശേഷം ക്ലാസ് തലത്തിലോ സ്കൂൾ തലത്തിലോ ദിനാചരണങ്ങൾ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം കലാസാഹി ത്യ വേദി, ലൈബ്രറി, പി ടി എ | 5000/- |
| 4 | നാടകക്കളരി - ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | • പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ കൃതികൾ, ചെറുകഥകൾ, നോവലുകൾ എന്നിവയുടെ നാടകാവിഷ്കാരം | ആറ് മാസം | അധ്യാപകർ | 5000/- |
| 5 | രചനാ ശില്പശാല - മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം | • കഥയരങ്ങ് ,കവി യരങ്ങ്, സർഗ്ഗാത്മക രചനാ ശില്പശാല സംഘടിപ്പിക്കൽ<br>• അതിലൂടെ രൂപപ്പെടുന്ന ഉല്പന്നങ്ങൾ | രണ്ടു മാസത്തി ൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹി ത്യ വേദി, ലൈബ്രറി കൗൺസിൽ | 50000/- |

| | | | | | |
|---|---|---|---|---|---|
| | | പ്രസിദ്ധീകരിക്കൽ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – സംസ്കൃതം

| Sl. No | Program | Activity | Month | Materials | Program Management |
|---|---|---|---|---|---|
| 1. | കുട്ടികളിലെ പഠന പുരോഗതികളായ വായന, എഴുത്ത്, ചർച്ച എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ. | അക്ഷരമാല തെറ്റ് ,ചിഹ്നങ്ങൾ, പദപരിചയം, നൂതന പദപരിചയം, ക്രിയാപദ പരിചയം എന്നിവ നൽകുന്നതിന് ആവശ്യമായ ക്ലാസുകൾ. 'വാക് വർദ്ധിനി സഭാ' എന്ന പേരിൽ കുട്ടികളുടെ ഭാഷാ പഠനത്തിന് ആവശ്യമായ ക്ലാസുകൾ ശില്പശാലകൾ എന്നിവ നടത്തൽ. സംസ്കൃത ദിനാഘോഷം, രാമായണമാസാചരണം എന്നിവ സ്കൂൾതലത്തിൽ നടത്തൽ. വിദ്യാലയത്തിലെ സംസ്കൃത കൗൺസിലിന്റെ അഥവാ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കൽ. സംസ്കൃത കൗൺസിൽ. | ജൂൺ ജൂലൈ ഓഗസ്റ്റ് | ഐസിടി( ചിത്രപ്രദർശനം, വീഡിയോ പ്രദർശനം ) ചാർട്ട് | ടീച്ചർ ( സംസ്കൃത ക്ലബ്ബ് ), അതാത് ക്ലബ്ബ് |
| 2. | വിവിധ പരീക്ഷകൾക്കും മത്സരങ്ങൾക്കുമുള്ള മുന്നൊരുക്കം, ചോദ്യ നിർമ്മാണ പരിശീലനം, ചോദ്യപേപ്പറുകളുടെ പരിചയം എന്നിവയുടെ ലക്ഷ്യം മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങൾ. | വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്ന 'വഴി വെളിച്ചം' പരിപാടിയുടെ ആസൂത്രണം. പരീക്ഷാ മുന്നൊരുക്കം. ഗ്രൂപ്പുകളായി തിരിഞ്ഞ് ചോദ്യം നിർമ്മാണ പരിശീലനം. സംസ്കൃത ഭാഷയിൽ സംസാരിക്കലും ചാർട്ട് നിർമ്മാണവും | സെപ്റ്റംബർ ഒക്ടോബർ നവംബർ ഡിസംബർ | ഐസിടി( ചിത്രപ്രദർശനം, വീഡിയോ പ്രദർശനം ) ചാർട്ട് | ടീച്ചർ ( സംസ്കൃത ക്ലബ്ബ് ), അതാത് ക്ലബ്ബ് |
| 3. | മുൻ മാസങ്ങളിൽ നടത്തിയ പ്രോഗ്രാമുകളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് സംസ്കൃത ഭാഷയെ പേടി കൂടാതെ പരീക്ഷയെഴുതുവാനും നിസ്സഹായം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കി [illegible] | 'ദീക്ഷ' - ഈ പദ്ധതിയിലൂടെ വാർഷിക പരീക്ഷയ്ക്ക് മുന്നൊരുക്കം നൽകിയും അദ്ധ്യാപക രക്ഷാകർത്താക്കൾക്കുള്ള പരിശീലന ക്ലാസ് എന്നിവയിലും ഭാഷാപഠനത്തിലും കുട്ടികളിൽ എത്തിക്കുക. 'വാക് വർദ്ധിനി സഭ'. സംസ്കൃത ക്ലബ്ബിന്റെ കൂട്ടായ പ്രവർത്തനവും. ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചാർട്ട് നിർമ്മാണവും. | ജനുവരി ഫെബ്രുവരി | ഐസിടി( ചിത്രപ്രദർശനം, വീഡിയോ പ്രദർശനം ) ചാർട്ട് | ടീച്ചർ ( സംസ്കൃത ക്ലബ്ബ് ), അതാത് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഇംഗ്ലീഷ്- എച്ച് എസ്16

## ( ACTION PLAN : ENGLISH)

**Learning problems**

Language skills are not sufficiently developed in children.

Children are facing challenges in acquiring and applying language skills

**Learning objectives**

Identifying learning gaps

Addressing individual needs

Reinforcing basic concepts

Promoting independent learning

Promoting LSRW skills

**ACTIVITIES**

class room activities to improve listening, reading, writing and speaking skills for weaker students

**LISTENING ACTIVITIES**

Audio stories

play audio stories and asks students to listen and answer the questions

**Listening comprehension**

provide listening comprehension, exercise with audio clips and questions

**Class discussions**

# GVHSS AMBALATHARA

## അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025_2026 ,

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | സെപ്റ്റംബർ-നവംബർ<br>നവംബർ-ഡിസംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലായ്-ആഗസ്റ്റ് | സ്റ്റേജ്<br>സൗണ്ട് ബോക്സ്<br>പോസ്റ്ററുകൾ | അധ്യാപകർ<br>അധ്യാപകർ |
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ, ടിവി പ്രൊജക്ടർ | അധ്യാപകർ |
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

Encourage class discussions in simple topics, promoting active listening

**READING ACTIVITIES**

Simplified texts

provide simplified texts and picture books

Reading aloud

Encourage students to read aloud in class promoting fluency and confidence

News paper and magazine reading

provide English newspaper and magazines read aloud in the class room

**WRITING ACTIVITIES**

Guided writing

provide guided writing exercise such as fill in the blanks or sentence completion

Simple writing prompts:

Offer simple writing prompts such as writing short paragraphs or stories.

Word banks

Create word banks or vocabulary lists to support writing activities

**SPEAKING ACTIVITIES**

Pair works

pair weaker students with stronger peers for conversations and discussions

Simple role plays

Use simple role plays to encourage speaking and practice communication skills

**Class presentations**

Encourage students to give short presentations on simple topics

Real world applications

Connect LSRW skills to real world scenarios

**DUTY: ENGLISH FACULTIES. TIME: 4 TO 5**

**ASSESSMENT AND FEEDBACK**

Conduct regular assessments to monitor progress

Provide constructive feedback and encourage students reflections

## അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി- എച്ച് എസ്

| Sl.no | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂട്ടതലായി പരിചയപ്പെടുത്തുന്നു | ജൂൺ, ജൂലൈ | ഹിന്ദി ടീച്ചേർസ് | പി ടി എ |
| 2 | ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് | ആഗസ്റ്റ് | ഹിന്ദി ടീച്ചേർസ് | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | | | |
| 3 | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധികം പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ , കാർട്ടൂൺ , ചെറു കവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | സപ്തംബർ , ഒക്ടോബർ | ഹിന്ദി ടീച്ചേർസ് | പി ടി എ |
| 4 | ഹിന്ദി എഴുതുവാനും വായിക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | നവംബർ | ഹിന്ദി ടീച്ചേർസ് | പി ടി എ |

## അക്കാദമിക മാസ്റ്റർ പ്ലാൻ- സോഷ്യൽ സയൻസ്

| Sl.no | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സമൂഹത്തെ കുറിച്ചും പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചും അവബോധം ഉണ്ടാക്കുക, ആധുനിക വത്ക്കരണത്തിൽ ഓരോ വ്യക്തിക്കും സമൂഹത്തോട് ഉള്ള കടമ അറിയുക, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് | പ്രകൃതിയെ അറിയുന്നതിന്ഫീൽഡ് ട്രിപ്പ്, ചിത്ര പ്രദർശനം, റാലികൾവ സംഘടിപ്പിക്കുക,ക്വിസ് . | ജൂൺ, ജൂലൈ | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | മനസ്സിലാക്കുക. | | | | |
| 2 | സ്വാതന്ത്ര്യ സമര ചരിത്രത്തെപ്പറ്റിഅവബോധ മ ഉണ്ടാക്കുക, ദേശീയ പ്രസ്ഥാനത്തിലെ ഗാന്ധിജിയുടെ പങ്ക്,ഗാന്ധിയൻ ആശയങ്ങളെക്കുറിച്ചുള്ള ധാരണ എന്നിവ വളർത്തുക, യുദ്ധങ്ങൾ എത്രത്തോളം നാശങ്ങൾ ഉണ്ടാക്കുന്നെന്നും അതിന്റെ പരിണത ഫലത്തെക്കുറിച്ചും ധാരണ ഉണ്ടാക്കുക, സ്നേഹം, സാമൂഹ്യ സേവനം തുടങ്ങിയ വികാരങ്ങൾ വളർത്തിയെടുക്കുക,ചരിത്ര ബോധം സൃഷ്ടിക്കുക. | ഗാന്ധിജിയുടെ ഓർമ്മകളിലൂടെ- ചാർട്ട് പ്രദർശനം, ചരിത്ര സ്ഥല സന്ദർശനം, സെമിനാർ, ബോധവത്ക്കരണ റാലി | ആഗസ്റ്റ് | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |
| 3 | മാതാപിതാക്കൾ, ഗുരുക്കൻമാർ,, മുതിർന്നവർ തുടങ്ങിയവരെ ബഹുമാനിക്കാനും സഹായിക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുക. അന്തരീക്ഷ പ്രതിഭാസങ്ങളെക്കുറിച്ച് മനസ്സിലാക്കുക. | അധ്യാപകരെ, മുതിർന്ന പൗരൻമാരെ ആദരിക്കൽ<br><br>ഓസേൺ ശോഷണവുമായി ബന്ധപ്പെട്ട്സെമിന ാർ അവതരണം. | സപ്തംബർ, ഒക്ടോബർ | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |
| 4 | ചരിത്ര ബോധം വളർത്തുക, കുട്ടികളിൽ നല്ല ശീലങ്ങൾ, ലക്ഷ്യ ബോധം എന്നിവ വളർത്തുക. | കേരള ചരിത്രത്തിന്റെ പ്രാധാന്യം ഇന്നത്തെ കാലത്ത്- ഉപന്യാസം, ഒരു ചരിത്രകാരനെ ഉൾപ്പെടുത്തി | നവംബർ | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ<br><br>സോഷ്യൽ ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | വിഷയാവതരണം. | | | |
| 5 | മനുഷ്യാവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക. | ചുമർ പത്രിക തയ്യാറാക്കൽ പാനൽ ചർച്ച ബോധവത്ക്കരണ റാലി. | ഡിസംബർ | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |
| 6 | ഇന്ത്യൻ ജനാധിപത്യ രീതികളെക്കുറിച്ചുള്ള ആശയങ്ങൾ തിരിച്ചറിയുക, മൂല്യബോധം വളർത്തി അവകാശങ്ങളും കർത്തവ്യങ്ങളും നേടിയെടുക്കാനിരുള്ള ശേഷി നേടിക്കൊടുക്കുക. | ബാല പാർലമെന്റ് ലഘുപത്രികകൾ പ്രഭാഷണം | ജനുവരി | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |
| 7 | ഉപഭോക്താവിന്റെഅവകാശങ്ങൾ, ഉപഭോക്തൃ വിദ്യാഭ്യാസം, കോടതികൾ എന്നിവയെക്കുറിച്ച് അവബോധം നേടുക. തണ്ണീർത്തടങ്ങൾ പരിസ്ഥിതിയിൽ അനിവാര്യമാണെന്ന തിരിച്ചറിവ് ഉണ്ടാക്കുക. | ഉപഭോക്തൃ സംരക്ഷണം, കോടതികൾ എന്നിവയെക്കുറിച്ച് ഒരു വക്കീലുമായി അഭിമുഖം.<br><br>തണ്ണീർത്തടഭ്ഭൾ സന്ദർശിച്ച് ഒരു ഡോക്യുമെന്ററി പ്രദർശനം. | ഫെബ്രുവരി | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |
| 8 | കുട്ടികളിലെ മികവ്, മൂല്യങ്ങൾ, വ്യക്തി വ്കാസം എന്നിവ വിലയിരുത്തുക. | അസ്സൈൻമെന്റ് ഫീൽഡ് ട്രിപ്പ് | മാർച്ച് | സോഷ്യൽ സയൻസ് ടീച്ചേർസ് | പി ടി എ സോഷ്യൽ ക്ലബ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ – ഫിസിക്കൽ സയൻസ് - എച്ച് എസ്

| Sl.no | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വിജ്ഞാനം വളർത്തൽ | ശാസ്ത്രപുസ്തകങ്ങൾ പരമാവധി കുട്ടികൾക്ക് ലഭ്യമാക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ സയൻസ് ക്ലബ് |
| 2 | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേ ടുകയും ചെയ്യു. | സയൻസ് വാൾ നൂതനാശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വിവിധ കുറിപ്പുകൾ, വിവരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനു ള്ള സംവിധാനം | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ സയൻസ് ക്ലബ് |
| 3 | വൈജ്ഞാനിക ബഹിർസ്ഫുരണം | 3. ശാസ്ത്രകാരന്മാരുമാ യി സംവദിക്കൽ<br><br>ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, എന്നിവയിൽ പങ്കെടുക്കുന്ന | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ സയൻസ് ക്ലബ് |
| 4 | അറിവ് വിവിധ തലങ്ങളിൽ | ഇൻക്ലൂസീവ് എഡ്യൂക്കേഷന് ആവശ്യമായ പഠനസാമഗികൾ സജ്ജമാക്കുന്നു. | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ സയൻസ് ക്ലബ് |
| 5 | നേടിയ അറിവ് പ്രായോഗികമായി പ്രയോജന പ്പെടുത്തൽ | 5. ശാസ്ത്ര ശില്പശാല ' LED ബൾബ് നിർമ്മാണം. സോപ്പ് നിർമ്മാണം | അക്കാദമിക വർഷം | സയൻസ് ടീച്ചേർസ് | പി ടി എ സയൻസ് ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ബയോളജി- എച്ച് എസ്

## ബയോളജി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല / പിന്തുണ | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| ജീവശാസ്ത്ര അഭിരുചിയും നിരീക്ഷണപാടവവും വളർത്തൽ | സസ്യകോശങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സ്ലൈഡ് തയ്യാറാക്കൽ നിരീക്ഷിക്കൽ | ജൂൺ | ജീവശാസ്ത്ര അദ്ധ്യാപകർ | - | - |
| ജീവശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ജീവശാസ്ത്ര രംഗത്തെ പ്രധാന കണ്ടുപിടിത്തങ്ങളുമായി ബന്ധം | ജൂൺ | ജീവശാസ്ത്ര അദ്ധ്യാപകർ | 500 | വിദ്യാർത്ഥികൾ |
| ബോധവൽക്കരണം | വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ച് ക്ലാസ്സിലെ ബോധവൽക്കരണം | ജൂൺ | ഹെൽത്ത് ക്ലബ്ബ് ടീൻസ് ക്ലബ്ബ് | - | - |
| കുട്ടികൾക്ക് കൃഷിയോടുള്ള മനോഭാവം വളർത്തൽ | സ്കൂൾ പരിസരത്ത് ചെടികൾ വച്ച് പിടിപ്പിക്കൽ | ജൂലൈ | സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, ടീൻസ് ക്ലബ്ബ് | 1000 | - |
| ശാസ്ത്ര വിസ്മയ ചുമർ | എല്ലാ ക്ലാസ്സുകളിലും ശാസ്ത്ര വിസ്മയചുമർ നിർമ്മിക്കൽ | ജൂലൈ | ജീവശാസ്ത്ര അദ്ധ്യാപകർ | - | - |
| മോഡൽ നിർമ്മാണം<br><br>കൃഷി രീതികൾ അറിയുക | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ.<br><br>ഏതെങ്കിലും | ആഗസ്ത് | സയൻസ് ക്ലബ്ബ് ശാസ്ത്ര അദ്ധ്യാപകർ | 1000 | പി ടി എ അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല / പിന്തുണ | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| ശാസ്ത്ര ബോർഡ് | കുട്ടികളുടെ ജീവശാസ്ത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ ശാസ്ത്രബോർഡ് എല്ലാ ക്ലാസ്സിലും നിർമ്മിക്കൽ | ആഗസ്ത് | ശാസ്ത്ര അദ്ധ്യാപകർ | - | - |
| പരിസ്ഥിതി പഠനം | ചെടികളെ നിരീക്ഷിക്കൽ, വർഗ്ഗീകരണം, ശാസ്ത്രനാമം കണ്ടുപിടിക്കൽ | സപ്തംബർ | സയൻസ് ക്ലബ്ബ് ശാസ്ത്ര അദ്ധ്യാപകർ | - | - |
| ആന്തര സമസ്ഥിതി പാലനത്തിൽ ഹോർമോണുകളുടെ പങ്ക് മനസ്സിലാക്കൽ | ഹോർമോൺ തകരാറ് കൊണ്ട് ഉണ്ടാകുന്ന രോഗങ്ങളെകുറിച്ചുള്ള സി. ഡി.തയ്യാറാക്കൽ | സപ്തംബർ | സയൻസ് ക്ലബ്ബ് ശാസ്ത്ര അദ്ധ്യാപകർ | - | - |
| പ്രദർശനം | ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള പ്രദർശനം | ഒക്ടോബർ | ഡോക്ടർമാർ ശാസ്ത്ര അദ്ധ്യാപകർ | - | - |
| ശാസ്ത്രപരീക്ഷണ പ്രദർശനം | ശാസ്ത്രതത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നു. | ഒക്ടോബർ | ശാസ്ത്ര അദ്ധ്യാപകർ സയൻസ് ക്ലബ്ബ് | 2000 | പി ടി എ വിദ്യാർത്ഥികൾ അദ്ധ്യാപകർ |
| പക്ഷി നിരീക്ഷണം | ചുറ്റുപാടും കാണുന്ന പക്ഷികളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകത, ചിത്രങ്ങൾ എന്നിവ ഉൾപ്പെട്ട ആൽബം നിർമ്മിക്കൽ | ഒക്ടോബർ | ശാസ്ത്ര അദ്ധ്യാപകർ | - | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല / പിന്തുണ | സാമ്പത്തികം | ഉറവിടം |
|---|---|---|---|---|---|
| ഡോക്യുമെന്ററി പ്രദർശനം | പകർച്ചവ്യാധികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജനുവരി | - | - | - |
| സെമിനാർ അവതരണം | ജനിതക എഞ്ചിനിയറിംഗിന്റെ നേട്ടങ്ങൾ കോട്ടങ്ങൾ എന്നിവയെക്കുറിച്ച് സെമിനാർ അവതരണം | ഫെബ്രുവരി | - | - | - |

# അക്കാദമിക മാസ്റ്റർ പ്ലാൻ- മാത്സ്

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്- ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് - ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൾഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ ഐ ടി</u>

## <u>ലക്ഷ്യങ്ങൾ</u>

**1. Smart classroom ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുക**

**2. നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോവിദ്യാർത്ഥിയും നേടുക**

**3. സാങ്കേതികവിദ്യകളുടെ ദുരുപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക**

**4. പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക**

**5. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക**

## പ്രവർത്തനങ്ങൾ

**1.വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു**

**2.സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കുട്ടികൾ വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നു**

**3.വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സാങ്കേതികവിദ്യയുടെ ദുരിതത്തെ കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു**

**4.സാങ്കേതികൾ ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ ഏർപ്പെടുന്നു**

**5.വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട അധ്യാപകന്റെ നേതൃത്വത്തിൽ പഠനവിഭവങ്ങൾ തയ്യാറാക്കുന്നു**

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26 തൊഴിൽ വിദ്യാഭ്യാസം

| പ്രവർത്തനം | കാലയളവ് | സാമ്പത്തികം |
|---|---|---|
| 5th<br>സ്റ്റാൻഡേർഡ് ഗ്രോബാഗ് നിർമ്മാണം<br>അഭിമുഖം (പ്രാദേശിക കർഷകൻ)<br>ന്യൂട്രിഷ്യസ് ഫുഡ്<br>വീടിന്റെ പ്ലാൻ<br>ഫാബ്രിക് പെയിന്റിംഗ്, എംബ്രോയ്ഡറി, | 2 മാസം<br>1 ആഴ്ച<br>1 ആഴ്ച<br>2 മാസം<br>1 മാസം | 2000<br>1000<br>1000<br>1000<br>2000 |

| | | |
|---|---|---|
| വെജിറ്റബിൾ പ്രിന്റിംഗ്, ബീഡ്സ് വർക്ക്<br>ഫയൽ നിർമ്മാണം, എൽഇഡി ബൾബ് | | |
| 6 th സ്റ്റാൻഡേർഡ്<br>മോഡിഫ്,<br>എൻവലപ്പ്<br>തുണി ബാഗ്<br>ക്യാരി ബാഗ്<br>ചവിട്ടി നിർമ്മാണം<br>പാഴ് വസ്തു പരിപാലനം<br>ടയർ ചെടിച്ചട്ടി | 1 മാസം<br>1 മാസം<br>2 മാസം<br>2 മാസം<br>2 മാസം<br>1 മാസം | |
| 7 th സ്റ്റാൻഡേർഡ്<br>വെർട്ടിക്കൽ ഗാർഡൻ<br>പ്ലമിംഗ്<br>മൈക്രോ ഗ്രീൻ<br>പാഴ് വസ്തു പരിപാലനം | 1 മാസം<br>1 മാസം<br>2 ആഴ്ച<br>2 മാസം | 2000<br>3000<br>3000<br>2000<br>1000 |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26 കലാ വിദ്യാഭ്യാസം

| **പ്രവർത്തനങ്ങൾ** | **പ്രവർത്തന ലക്ഷ്യം** | **ചുമതല** | **മാസം** |
|---|---|---|---|
| നിറങ്ങൾ മറ്റ് വര ഉപകരണങ്ങൾ പരിചയപ്പെടൽ | വിവിധതരത്തിലുള്ള നിറങ്ങൾ അവയുടെ ഉപയോഗക്രമം ബ്രഷ് പേന തുടങ്ങിയവ പരിചയപ്പെട് | കലാധ്യാപകൻ | ജൂൺ ഓഗസ്റ്റ് |

| | | | |
|---|---|---|---|
| എഴുത്തും വരെയും പോസ്റ്റർ രചന | വിവിധ ക്യാമ്പയിനുകളുടെ ഭാഗമായി തയ്യാറാക്കുന്ന പോസ്റ്ററുകളിൽ സൂക്ഷ്മത ഉണ്ടാക്കൽ | കലാധ്യാപകൻ | ജൂൺ ഓഗസ്റ്റ് |
| കൊട്ടും പാട്ടും | സംഗീതമേഖലയിലെ പഴയതും പുതിയതുമായ ഉപകരണങ്ങൾ പരിചയപ്പെടൽ | കലാധ്യാപകൻ | ജൂൺ ഓഗസ്റ്റ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ – UP തലം

## അക്കാദമിക മാസ്റ്റർ പ്ലാൻ -മലയാളം

| SL.NO. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ഭാഷാകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | അധ്യയന വർഷം | മലയാളം അധ്യാപിക |
| 2 | പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട | അധ്യയന വർഷം | മലയാളം അധ്യാപിക |

| | | | | |
|---|---|---|---|---|
| | | കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | | |
| 3 | സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സ്വർഗ്ഗശേഷി വളർത്തൽ | വാർത്താ ലോകത്തേക്ക് പത്രം ആഴ്ചപ്പതിപ്പ് മാസിക എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധിയെ ഉറപ്പിക്കുകയും ചെയ്യുക | അധ്യയന വർഷം | മലയാളം അധ്യാപിക |
| 4 | കാലാവാസനകളെ പരിപോഷിപ്പിക്കൽ | സംവാദം മുഖാമുഖം സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്ന വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് | അധ്യയന വർഷം | മലയാളം അധ്യാപിക |

| | | | | |
|---|---|---|---|---|
| | | ശിൽപ്പ ശാലകൾ നടത്തുന്നു. | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ -ഇംഗ്ലീഷ്

| SL.NO. | ലക്ഷ്യം:- | പ്രവർത്തനങ്ങൾ:- | കാലം | ചുമതല |
|---|---|---|---|---|
| 1 | English vocabulary enrichment | One day one word ഓരോ ദിവസവും ഒരു പുതിയ English word കുട്ടികളെ പരിചയപ്പെടുത്തുന്ന പ്രവർത്തനം | എല്ലാ ദിവസവും പഠന പ്രവർത്തന ത്തോടൊപ്പം | ഇംഗ്ലീഷ് അധ്യാപിക |
| 2 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | An idea & me പാഠഭാഗങ്ങളിൽ നിന്നുള്ള ആശയങ്ങൾ skit,role play,puppet show എന്നീരൂപത്തിൽ അവതരിപ്പിക്കുന്നു. *Fun time:- കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ, Short Stories എന്നിവ ഇംഗ്ലീഷിൽ | ഓരോമാസവും / സർഗവേള പിരീഡുകൾ | ഇംഗ്ലീഷ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | | ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | |
| 3 | സാ ങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരെ ICT യുടെ സഹായത്തോടെ പരിചയപ്പെടുത്തുന്നു | ആവശ്യാനുസ രണം അക്കാദമിക വർഷം | ഇംഗ്ലിഷ്/ ക്ലാസ് അധ്യാപിക |
| 4 | ഭാവാത്മക വായന പരിശീലിപ്പിക്കുക. ഇംഗ്ലീഷ് അനായാസം സംസാരിക്കുവാനും ശ്രവിക്കാനും അവസരം ഒരുക്കുക | Breaking news - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. *Meet the Friend:- ക്ലാസിലെ കുട്ടികളുമായി ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുവാനുള്ള അവസരമൊരുക്കുന്നു. *News Reader:- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു. | ആവശ്യാനുസ രണം അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ -സയൻസ്

**Basic science UP 2025 -26**

| പഠനലക്ഷ്യം | പഠന പ്രവർത്തനം | മാസം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| വിവിധ കൃത്രിമ കായിക പ്രജനന രീതി കൾ വർഗ്ഗസങ്കരണം എന്നിവ മനസ്സിലാക്കുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കഴിയുന്നു | 1. <u>ഫീൽഡ് ട്രിപ്പ്</u> കാർഷിക ഗവേഷണ കേന്ദ്രം പീലിക്കോട്ടേക്ക് 15. 7.2025 ചൊവ്വാഴ്ച പോകാൻ തീരുമാനിച്ചു. | July | 5000 | സയൻസ് ക്ലബ് |
| വിവിധ കൃത്യമ കായിക പ്രജനന രീതികൾ മനസ്സിലാക്കുകയും ശാസ്ത്രീയ കൃഷി രീതി അവലംബിക്കുകയും ചെയ്യുന്നു | <u>പച്ചക്കറിത്തോട്ടം</u> ഗ്രോ ബാഗ് ലംബ കൃഷി വർക്ക് എക്സ്പീരിയൻസ് ടീച്ചർ ജയ ടീച്ചർ, സയൻസ് കൺവീനർ ശശികല ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ മറ്റു സയൻസ് അധ്യാപകരും ഏഴാം ക്ലാസിലെ കുട്ടികളും ചേർന്നു ചെയ്യുന്നു. | July | 1000 | സയൻസ് ക്ലബ് |
| ആസിഡുകളുടെയും ബേസുകളുടെയും ഉപയോഗം മനസ്സിലാക്കുന്നതിന് | <u>സോപ്പ് നിർമ്മാണം</u> ഏഴാം ക്ലാസിലെ മുഴുവൻ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് തെരഞ്ഞെടുത്ത രക്ഷിതാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് സോപ്പ് നിർമ്മാണം പ്രാദേശിക സംരംഭകരെ കണ്ടെത്തി വികസന സാധ്യത ഉറപ്പുവരുത്തുന്നു | July,August | 2000 | സയൻസ് ക്ലബ് |
| ചാന്ദ്രദൗത്യങ്ങളെ കുറിച്ച് മനസ്സിലാക്കൽ | <u>മാനത്തേക്ക്...</u>. ചാന്ദ്രദൗത്യങ്ങളെയും ബഹിരാകാശങ്ങളെ കുറിച്ച് ശാസ്ത്രനാടകം | ജൂലൈ 21 | - | സയൻസ് ക്ലബ് |
| ശാസ്ത്ര പ്രവർത്തനങ്ങൾ, ശാസ്ത്ര പരീക്ഷണ എന്നിവയിൽ ഏർപ്പെടുന്നതിന് | <u>പരീക്ഷണ കളരി</u> ഓരോ മാസവും ഓരോ ക്ലാസുകൾ ശാസ്ത്ര പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ - മാർച്ച് | - | സയൻസ് ക്ലബ് |
| ശാസ്ത്ര | <u>ശാസ്ത്രലോകത്തെ</u> | ജൂൺ - | 1000 | സയൻസ് |

| | | | | |
|---|---|---|---|---|
| സാങ്കേതികവിദ്യയിലെ നൂതന ആശയങ്ങൾ അറിയുന്നതിന് | അറിയാൻ<br><br>ശാസ്ത്രലോകത്തെ നൂതന ആശയങ്ങളും കണ്ടുപിടുത്തങ്ങളും ഉൾപ്പെടുത്തി പ്രതിമാസ ക്വിസ് നടത്തുന്നു. | ഫെബ്രുവരി | | ക്ലബ് |
| ആകാശ വിസ്മയങ്ങൾ തിരിച്ചറിയുന്നതിന് | വാനനിരീക്ഷണം<br>5 6 7 ക്ലാസിലെ കുട്ടികൾ ഉൾപ്പെടുത്തി വാന നിരീക്ഷണം നടത്തുന്നു. | Dece/ജനവരി | 2000 | |
| ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും ശാസ്ത്ര ആശയങ്ങളും മനസ്സിലാക്കുന്നതിന് | ശാസ്ത്ര നാടകം<br>ആറാം ക്ലാസിലെ അസ്ഥികൾ എന്ന പാഠഭാഗവും ഏഴാം ക്ലാസിലെ മനുഷ്യശരീരം ഒരു വിസ്മയം എന്ന പാഠഭാഗവും ശാസ്ത്ര നാടകം നടത്തുന്നു | ഫെബ്രുവരി | - | സയൻസ് ക്ലബ്ബ് |
| പകർച്ചവ്യാധികളെ കുറിച്ച് കുട്ടികളിൽ അപബോധം സൃഷ്ടിക്കുന്നതിനും പോഷകാഹാരത്തിന്റെ ആവശ്യകത തിരിച്ചറിയുന്നതിന് | അഭിമുഖം<br>പോഷകാഹാരത്തെക്കുറിച്ച് ആറാം ക്ലാസിൽ ഡോക്ടറുമായി അഭിമുഖം<br>പകർച്ചവ്യാധികളെ കുറിച്ചുള്ള സംശയങ്ങൾക്ക് ഡോക്ടറുമായി അഭിമുഖം (std5) | ഡിസംബർ | - | സയൻസ് ക്ലബ്ബ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

| മാസം | പ്രവർത്തനങ്ങൾ | അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ - ജൂലൈ<br><br>ജൂലൈ - ഓഗസ്റ്റ് | ഗണിത ക്ലബ് രൂപീകരണം<br><br>ഗണിത ലാബ് | ക്വിസ്<br>സംഖ്യ ചാർട്ട് നിർമാണം |

| | | |
|---|---|---|
| ഓഗസ്റ്റ് -ഒക്ടോബർ<br><br>നവംബർ-<br>ഡിസംബർ<br><br>ജനവരി-ഫെബ്രുവരി | രൂപീകരണം<br><br>ജ്യോമെട്രിക്കൽ ചാർട്ട് നിർമാണം<br><br>ഗണിത ക്വിസ് (പ്രതി മാസം)<br><br>ഗണിത പൂക്കളം<br><br>ഗണിത ശില്പശാല<br><br>ഗണിത മാഗസിൻ<br><br>രാമാനുജൻ ഡേ പ്രവർത്തനങ്ങൾ<br><br>ഗണിത കേളി<br>ശാസ്ത്ര കൗതുകം | |

# एकेडमिक मास्टर प्लान= हिंदी

## कक्षा 5,6

| | | |
|---|---|---|
| 1. | यू पी में सब बच्चों को आक्षर ,शब्द और आशय ग्रहण करने केलिए | अक्षर लेखन , अक्षरमाला प्रदर्शन, शब्द निर्माण, वाक्य निर्माण |
| 2. | घर एक विज्ञान शाला | खरेलू वस्तुओं का नम हिंदी में तैयार करना। |
| 3. | आशय प्रकट करने केलिए या सर्गात्मक शेषियों का | सुरीली हिंदी,<br>हिंदी असेंबली |

| | | |
|---|---|---|
| | प्रोलसहित करने केलिए | दिनाचरण<br>हिंदी क्लब |

## അക്കാദമിക മാസ്റ്റർ പ്ലാൻ -സാമൂഹ്യ ശാസ്ത്രം

| Sl.no. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിനുള്ള ചോദ്യങ്ങൾ നൽകുന്ന ഓർമ്മച്ചെപ്പ് നദികൾ , ഭൂപ്രകൃതി, ജില്ലകൾ, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരായി മാറ്റിയെടുക്കുക | വെർച്ച്വൽ ഫീൽഡ് ട്രിപ്പ് ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള | അക്കാദമിക വർഷം | |

| | | | | |
|---|---|---|---|---|
| | | സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | | |
| 3 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 | സഹജീവികളുടെ സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | ആൽബം തയ്യാറാക്കാം പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു പ്രകൃതിദുരന്തങ്ങളുമായ ി ബന്ധപ്പെട്ട ചിത്രങ്ങളും പത്രക്കട്ടിങ്ങുകളും ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5 | സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ് കണ്ടൽക്കാടുകൾ ജലാശയങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| 6 | വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |